8096
13/8/14

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കുട്ടികൾക്കെതിരെയുള്ള അതിക്രമം തടയുന്നതിന് അംഗൻവാടി പ്രവർത്തകരെ സജ്ജമാക്കുന്നതിലേയ്ക്ക് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 492/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 06.08.2014.

==========================================================================

പരാമർശം:- 1. 03.07.2014-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ എസ്.പി.എസ്.യു.4/6860/14 നമ്പർ കത്ത്.

2. 21.07.2014-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിന് അംഗൻവാടി പ്രവർത്തകരെ സജ്ജമാക്കുന്നതിലേയ്ക്കായി POCSO ആക്ട് കൂടി ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഷെഡ്യൂൾ തയ്യാറാക്കി വയനാട് ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റി സമർപ്പിച്ചിട്ടുണ്ടെന്നും ആയതിലേയ്ക്കായി 3,78,000/- രൂപ ഐ.സി.പി.എസ്-ന്റെ സംസ്ഥാന വിഹിതമായ 2235-02-102-61 (പി) ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശ കത്ത് മുഖേന അഭ്യർത്ഥിച്ചു.

2. 21.07.2014-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ പരിഗണിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിന് അംഗൻവാടി പ്രവർത്തകരെ സജ്ജമാക്കുന്നതിലേയ്ക്കായി POCSO ആക്ട് കൂടി ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ഭരണാനുമതിയും, ഇതിനായി 3,78,000/- (മൂന്നു ലക്ഷത്തി എഴുപത്തിയെട്ടായിരം രൂപ) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ സംസ്ഥാന വിഹിതമായ 2235-02-102-61 (പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.